**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207 | 08.03.2018 -ൽ മറുപടിക്ക്

# തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. ആൻസലൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മുന്നിൽക്കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ;; | എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മുന്നിൽക്കണ്ട് മാത്രം നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകി വരുന്നു. ഇതു സംബന്ധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു. |
| ബി) ഇത് സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) നിലവിൽ നടപടികൾ കൈക്കൊണ്ടിട്ടില്ല. |
| സി) ഏതെല്ലാം പ്രദേശങ്ങളെ യാണ് ഇതിൽ ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) ബാധകമല്ല |
| ഡി) തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ശുചിത്വം പാലിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഡി) നിലവിൽ തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകൾ, നടപ്പാതകൾ, വിശ്രമകേന്ദ്രങ്ങൾ, കുടിവെള്ള സൗകര്യം, അമിനിറ്റി സെന്ററുകൾ, ടോയ് ലറ്റ് സൗകര്യം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മാലിന്യ നിയന്ത്രണം എന്നിവയടക്കമുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായ ങ്ങളാണ് നൽകി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഇ) | തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി ( എരുമേലി - പമ്പ – സന്നിധാനം ) 9998.92 ലക്ഷം രൂപയുടെയും ശ്രീ പത്മനാഭ – ആറന്മുള – ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ